**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5039** **11-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുവാൻ വിഭാവനം ചെയ്ത വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് 17.08.2018 ലെ 420/2018/ഭ.പൊ.വി.വ, 419/2018/ഭ.പൊ.വി.വ, 418/2018/ഭ.പൊ.വി.വ, 417/2018/ഭ.പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട എന്നിങ്ങനെ നാല് തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ല, താലൂക്ക് തല കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ല/ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ മേൽനോട്ടത്തിൽ റേഷൻകട തല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ, നിയമസഭാ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞിട്ടുള്ള പശ്ചാത്തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന, ജില്ലാ, താലൂക്ക് തല കമ്മിറ്റികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ആയവയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ